# സമരമുഖങ്ങളിലെ അണയാത്ത ആവേശം : സ: സി. ബി. സി വാര്യർക്ക് ആദരാഞ്ജലികൾ



*(കെ.എസ്.എഫ്.ഇ സ്റ്റാഫ് അസോസിയേഷൻ 27-ാം സംസ്ഥാനസമ്മേളനത്തിൽ സംഘടനയെ തുടർച്ചയായി 40 വർഷം നയിച്ച സ: സി.ബി.സി വാര്യരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി അവതരിപ്പിച്ച പ്രമേയം.)*

സി.പി.എമ്മിന്റെയും സി.ഐ.ടി.യുവിന്റെയും സമുന്നത നേതാവും പ്രഗത്ഭനായ പാർലമെന്ററിയനും അചഞ്ചലനായ പ്രക്ഷോഭകാരിയും കരുത്തുറ്റ സംഘാടകനും കഴിഞ്ഞ 40 വർഷമായി നമ്മുടെ സംഘടനയുടെ അമരക്കാരനുമായിരുന്ന സ: സി.ബി.സി.വാര്യർ ജൂൺ 17 ന് നമ്മെ വിട്ടു പിരിഞ്ഞു. 1932 ഒക്ടോബർ 30 ന് ഹരിപ്പാട്ടെ ഒരു ജന്മി കുടുംബത്തിൽ ജനിച്ച സി.ബി.സി വാര്യർ ആലപ്പുഴയിലെ തൊഴിലാളി പണിമുടക്കത്തിലും തുടർന്നു നടന്ന ഐതിഹാസിക പുന്നപ്രവയലാർ സമരത്തിലും ആവേശം കൊണ്ട് ഹൈസ്കൂൾ വിദ്യാർത്ഥി ആയിരിക്കെ കമ്മ്യൂണിസ്റ്റ് പാർട്ടിയിലേക്ക് ആകൃഷ്ടനായി പൊതുജീവിതം ആരംഭിച്ചു. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലും ലാ കോളേജിലും വിദ്യാഭ്യാസ കാലത്ത് സ്റ്റുഡൻസ് ഫെഡറേഷന്റെ നേതാവായി.

1954-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാനസെക്രട്ടറിയായിരുന്ന സ: എം.എൻ.ഗോവിന്ദൻനായർ മുൻകൈയെടുത്ത് പാർട്ടി അംഗത്വം നൽകി. ആറര പതിറ്റാണ്ടുകാലത്തെ സംഭവബഹുലവും സമരതീഷ്ണവുമായ രാഷ്ട്രീയ പ്രവർത്തനത്തിലൂടെ ജനമനസ്സുകളിൽ സ്ഥിരപ്രതിഷ്ഠനേടിയ നേതാവായിരുന്നു അദ്ദേഹം. കേരളത്തിലെ ട്രേഡ് യൂണിയൻ നേതാക്കളിൽ പ്രമുഖ സ്ഥാനമാണ് സ: സി.ബി.സിയ്ക്ക് ഉള്ളത്. തിരുവിതാംകൂർ ദേവസ്വംബോർഡ് തൊഴിലാളികളെയും റോഡ് ശുചീകരണ തൊഴിലാളികളെയും സംഘടിപ്പിച്ചുകൊണ്ട് ആരംഭിച്ച തൊഴിലാളി സംഘടനാ പ്രവർത്തനം അദ്ദേഹം മരിക്കുംവരെ തുടർന്നു. കേരളത്തിലെ ഒട്ടനവധി തൊഴിലാളി യൂണിയനുകളുടെയും സംഘാടകനും നേതാവുമായിരുന്നു അദ്ദേഹം. സി.ഐ.ടി.യുവിന്റെ അഖിലേന്ത്യാ വർക്കിംഗ് കമ്മിറ്റി അംഗമായും ആലപ്പുഴ ജില്ലാകമ്മിറ്റിയുടെ പ്രസിഡന്റായും സംസ്ഥാനകമ്മിറ്റി അംഗമായും സഖാവ് ദീർഘകാലം പ്രവർത്തിച്ചു. കാർത്തികപ്പള്ളി താലൂക്കിൽ പാർട്ടി കെട്ടിപ്പടുക്കുന്നതിൽ അത്യുജ്ജ്വലമായ നേതൃത്വമാണ് സ: സി.ബി.സി നടത്തിയത്. ഹസ്കാപുരം തോപ്പിലും വിയപുരത്തും കായംകുളം കായൽഫാമിലും കള്ളിക്കാട്ടും കനകകുന്നിലും മറ്റും നടന്ന എത്രയെത്ര സമരമുഖങ്ങളിൽ ഇടിമുഴക്കമായ സഖാവിന്റെ ശബ്ദം ഭരണാധികാരികളെയും ജന്മിഗുണ്ടകളെയും വിറകൊള്ളിച്ചിട്ടുണ്ട്.

ഒരു വ്യാഴവട്ട കാലത്തെ നിയമസഭാ സാമാജികൻ എന്ന നിലയിലുള്ള സഖാവിന്റെ പ്രവർത്തനങ്ങൾ കേരള നിയമസഭാ ചരിത്രത്തിൽ തിളക്കമുള്ള ഏടായി നിലനിൽക്കും. നിയമസഭയിലെ പൊതുധനവിനിയോഗ സമിതിയുടെ ചെയർമാനും എസ്റ്റിമേറ്റ് കമ്മിറ്റിയുടെ ചെയർമാനുമായി അദ്ദേഹം പ്രവർത്തിച്ചിരുന്നു.

കേരള സർവ്വകലാശാലാ ബിൽ, കർഷകതൊഴിലാളി ക്ഷേമനിധിബിൽ തുടങ്ങിയ സുപ്രധാന ബില്ലുകൾ അവതരിപ്പിക്കുന്നതിലും അത് നടപ്പാക്കുന്നതിലും വിലപ്പെട്ട പങ്കാണ് സഖാവ് വഹിച്ചത്. കേരള നിയമസഭയിൽ സി.പി.ഐ(എം)ന്റെ പാർലമെന്ററി പാർട്ടി സെക്രട്ടറിയായും അദ്ദേഹം പ്രവർത്തിച്ചു. അക്കാലത്ത് കോമൺവെൽത്ത് രാജ്യങ്ങൾ സന്ദർശിച്ച നിയമസഭാ സാമാജികരുടെ സംഘത്തലവനായിരുന്നു സ: സി.ബി.സി.വാര്യർ. എലിസബത്ത് രാജ്ഞിയുമായി സഖാവ് നടത്തിയ ചർച്ച അന്നത്തെ ദേശീയമാധ്യമങ്ങളിൽ വാർത്താപ്രാധാന്യം നേടി. 1973–ൽ കെ.എസ്.എഫ്.ഇ സ്റ്റാഫ് അസോസിയേഷന്റെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട സ: സി.ബി.സി വാര്യർ കഴിഞ്ഞ 40 വർഷമായി നമ്മുടെ സംഘടനയെ നയിച്ചുവരവെയാണ് അപ്രതീക്ഷിതമായി അസുഖബാധിതനായത്. ചികിത്സയ്ക്ക് ശേഷവും ബന്ധുക്കളുടെയും ഡോക്ടർമാരുടെയും കർശനവിലക്കുകളെ സ്നേഹപൂർവ്വം ലംഘിച്ച് അദ്ദേഹം സംഘടനയുടെ പ്രവർത്തനങ്ങളിലേർപ്പെട്ടു. തീരെ അവശനായിരുന്നിട്ടുകൂടി 2012 ഒക്ടോബർ 30 ന്റെ എച്ച്.ഒ. ധർണ്ണ ഉദ്ഘാടനം ചെയ്തത് സ: സി.ബി.സി ആയിരുന്നു.

1973 ലെ ശമ്പളപരിഷ്കരണ കരാറിൽ വിലക്കയറ്റത്തിനാനുപാതികമായി ക്ഷാമബത്ത നൽകുന്നതിനുള്ള വ്യവസ്ഥഇല്ലായിരുന്നു. 1973 ഡിസംബറിൽ സംഘടനയുടെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടതിനുശേഷമുള്ള ആദ്യ യോഗത്തിൽതന്നെ ഈ നീതി നിഷേധത്തിനെതിരെ പ്രക്ഷോഭം സംഘടിപ്പിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. കരാറിൽ വ്യവസ്ഥ ഇല്ലാത്തതിനാൽ ക്ഷാമബത്ത നൽകാനാവില്ലെന്ന് മാനേജ്മെന്റും സർക്കാരും വാശിപിടിച്ചു. അങ്ങനെ 1975 ഫെബ്രുവരി 10 മുതൽ കെ.എസ്.എഫ്.ഇയിൽ ആദ്യത്തെ അനിശ്ചിതകാല പണിമുടക്കം ഉണ്ടായി. കെ.എസ്.എഫ്.ഇയിലെ ജീവനക്കാരെയാകെ പണിമുടക്കിൽ പങ്കാളികളാക്കാനും വർഗ്ഗപ്രസ്ഥാനത്തിന്റെയും ബഹുജനസംഘടനകളുടെയും ആകെ പിന്തുണ ഉറപ്പുവരുത്താനും സഖാവിന്റെ നേതൃത്വശക്തിക്ക് കഴിഞ്ഞു. പണിമുടക്ക് നിർത്തിയാൽമാത്രമെ ചർച്ചയുള്ളൂ എന്ന ശ്രീ.കെ.കരുണാകരന്റെ ഭീഷണി അദ്ദേഹം തള്ളി. സമരം തുടങ്ങി 17–ാം ദിവസം (26–2–1975) തന്നെ ചർച്ച നടത്തുകയും പഴയ കരാർ പൊളിച്ചെഴുതിക്കൊണ്ട് കേന്ദ്ര – കേരള സർക്കാർ ജീവനക്കാർക്ക് സമാനമായ ക്ഷാമബത്ത ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നേടിയെടുക്കുകയും ചെയ്തു. കെ.എസ്.എഫ്.ഇ ജീവനക്കാർ ഇന്ന് അനുഭവിക്കുന്ന മെച്ചപ്പെട്ട ശമ്പളത്തിന്റെയും ഇൻക്രിമെന്റിന്റെയും അടിസ്ഥാനം 1975 ൽ സ: സി.ബി.സിയുടെ നേതൃത്വത്തിൽ ഉള്ള നിയമവിരുദ്ധമായ സമരത്തിലൂടെ നാം നേടിയെടുത്തതാണ്. അടിയന്തരാവസ്ഥയുടെ ഇരുണ്ട നാളുകളിൽ ഒളിവിലും ജയിലിലും കഴിയുമ്പോഴും അദ്ദേഹം സംഘടനയെ ധീരമായി നയിച്ചു. 1976 ലെ പട്ടിണിബോണസ് (4%) ബഹിഷ്കരിച്ച ചുരുക്കം ചില സംഘടനകളിൽ ഒന്നായിരുന്നു നമ്മുടേത്. അടിയന്തരാവസ്ഥയ്ക്ക് ശേഷം 1977 ഫെബ്രുവരിയിൽ ചർച്ചനടത്തി മെച്ചപ്പെട്ട ബോണസ് (20%) നേടിയെടുക്കാൻ നമുക്ക് കഴിഞ്ഞു. നമുക്ക് ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന മെച്ചപ്പെട്ട ബോണസ് ഇൻസെന്റീവുകളുടെ അടിസ്ഥാനം അന്നത്തെ ബഹിഷ്കരണ സമരവും തുടർന്നുള്ള ഒത്തുതീർപ്പ് ചർച്ചകളിലൂടെ ഉണ്ടായ മെച്ചപ്പെട്ട ബോണസ് കരാറുമാണ്.

26 ദിവസത്തെ പണിമുടക്കിനെതുടർന്നാണ് 1982 ൽ കരാറുണ്ടാകുന്നത്. 1982 ലെ കരാറിനെ തുടർന്ന് പഴയകരാറിന്റെ കാലാവധി കഴിഞ്ഞ് ഒരു വർഷത്തിനുശേഷമേ ഇൻക്രിമെന്റ് അനുവദിക്കുകയുള്ളൂ എന്ന നിലപാട് മാനേജ്മെന്റ് സ്വീകരിച്ചു. മാനേജ്മെന്റ് പീഡനങ്ങൾ സഹിച്ചുകൊണ്ട് ശക്തമായ പ്രക്ഷോഭം ഉയർത്തി പ്രശ്നങ്ങൾ പരിഹരിക്കാൻ സ: സി.ബി.സിയുടെ നേതൃത്വത്തിലുള്ള സ്റ്റാഫ് അസോസിയേഷന് കഴിഞ്ഞു. 1985 ഏപ്രിൽ 17 മുതൽ 75 ദിവസം നീണ്ടുനിന്ന ഐതിഹാസികമായ പണിമുടക്ക് സമരം സ: സി.ബി.സിയുടെ നേതൃത്വ പാടവത്തിന്റെയും സമരതീക്ഷ്ണതയുടെയും ഉജ്ജ്വലമായ തെളിവാണ്. രാജ്യത്തെ ട്രേഡ് യൂണിയൻ നിയമങ്ങളാകെ സഖാവിന് ഹൃദിസ്ഥമായിരുന്നു. ഈ അറിവുകൾ മാനേജ്മെന്റുമായുള്ള ചർച്ചാ വേദികളിൽ ഫലപ്രദമായി ഉപയോഗിക്കാൻ സഖാവിന് കഴിഞ്ഞു. ചർച്ചയുടെ തലേദിവസം തന്നെ എത്തുകയും മാനേജ്മെന്റ് നൽകുന്ന സ്റ്റേറ്റ്മെന്റുകൾ മനഃപാഠമാക്കുകയും അതുവഴി ചർച്ചയിൽ മാനേജ്മെന്റ് വാദമുഖങ്ങളുടെ മുനയൊടിക്കാനും സഖാവിന് അപാരമായ ശേഷിയുണ്ടായിരുന്നു. ചർച്ചാവേദിയിലും സമരമുഖങ്ങളിലും തൊഴിലാളികളുടെ ആകെ നേതാവായി അദ്ദേഹം മാറി. അതുകൊണ്ടുതന്നെ സ്റ്റാഫ് അസോസിയേഷൻ അംഗങ്ങളുടെ മാത്രമല്ല കെ.എസ്.എഫ്.ഇയിലെ എല്ലാ വിഭാഗം ജീവനക്കാരുടെയും നേതാവായിരുന്നു അദ്ദേഹം. അസുഖ ബാധിതനായിരുന്ന അവസാന നാളുകളിലൊഴികെ, നമ്മുടെ എല്ലാ സമ്മേളനങ്ങളിലും, കമ്മിറ്റികളിലും പ്രവർത്തകയോഗങ്ങളിലും പ്രക്ഷോഭങ്ങളിലും സമ്പൂർണ്ണവും സജീവവുമായ നേതൃത്വമായിരുന്നു സ: സി.ബി.സി. അവസാന നാളുകളിൽപോലും ടെലഫോൺ മുഖാന്തിരം ബന്ധപ്പെട്ട് അദ്ദേഹം ഉപദേശങ്ങൾ നൽകി. വിപ്ലവനക്ഷത്രം സ: സി.ബി.സി മരിക്കാത്ത ഓർമ്മയായി നമുക്ക് ആവേശമായി മാറുകയാണ്. പ്രിയ സഖാവിന്റെ ഓർമ്മയ്ക്ക് മുന്നിൽ ഒരുപിടി അശ്രുപുഷ്പങ്ങൾ അർപ്പിക്കുന്നു. സഖാവ് വെട്ടിത്തെളിച്ച പാതയിലൂടെ ഈ സംഘടന മുന്നോട്ടുപോകുമെന്ന് ഈ സമ്മേളനം ദൃഢപ്രതിജ്ഞ ചെയ്യുന്നു.

●